പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 518 — 24.07. 2015 ൽ മറുപടിക്ക്.

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, പി.തിലോത്തമൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.കെ.രാജു | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി വനിതാ കമ്മീഷന്റെയും വനിതാ സംഘടനകളുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ; | (എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടില്ല. |
| (ബി) സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) ചട്ടങ്ങൾ 2013 പ്രകാരം പത്തിൽ കൂടുതൽ ഉദ്യോഗസ്ഥരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച നിർഭയ പോളിസിയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും, ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റികളുടെ പ്രവർത്തനം എന്തായിരിക്കുമെന്ന് വിശദമാക്കുമോ; | (സി) ഉണ്ട്. കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ജോലി ചെയ്യുന്നതിന് സുരക്ഷിതവും സമാധാനപരവുമായ അന്തരീക്ഷം സംജാതമാക്കുക. |

- ലൈംഗിക പീഡനം സംബന്ധിച്ച് ഔപചാരികമായോ രേഖാമൂലമോ ലഭിച്ച എല്ലാ പരാതികളും അന്വേഷിക്കുക.
- തെളിയിക്കപ്പെട്ട എല്ലാ ലൈംഗിക പീഡന ആരോപണങ്ങളിൻമേലും ഉചിതമായ നടപടികൾ സ്വീകരിക്കുക.
- തൊഴിൽ സംബന്ധമായ ലൈംഗിക പീഡനം ഉണ്ടാകാതിരിക്കുന്നതിന് മുൻകരുതൽ എടുക്കുകയും അഥവാ ഉണ്ടായാൽ തടയുകയും ചെയ്യുക.

| | |
|---|---|
| (ഡി) കമ്മിറ്റി രൂപീകരണത്തിനു ശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രത്തോളം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) കമ്മിറ്റി രൂപീകരണത്തിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉണ്ടായാൽ ആയത് തടയുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും അതാത് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ